# ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമിതിരുവടികളുടെ ജന്മസ്ഥാനമണ്ഡപവും പഠനഗവേഷണകേന്ദ്രവും

'കാഷായവേഷം ധരിക്കാത്ത, വനവാസത്തിനു പോകാത്ത മഹർഷിവര്യൻ. ഒന്നിനോടും പ്രത്യേക മമതാബന്ധമില്ലാതെ, സമസ്ത ജീവജാലങ്ങളെയും ഒരുപോലെ സ്നേഹിച്ച ഒരു പ്രപഞ്ചബന്ധു. മഹാചിന്തകൻ, ദീർഘമായ ഗുരുമുഖാഭ്യാസം കൂടാതെ പരിണതപ്രജ്ഞനായിത്തീർന്ന ഒരു മഹാപണ്ഡിതൻ, അനാചാരങ്ങളിൽ ആമഗ്നമായിരുന്ന ആ കാലത്ത് സ്വന്തം ജീവിതചര്യകൊണ്ട് ഭിന്നസമുദായങ്ങൾ തമ്മിൽ സൗഹാർദ്ദബന്ധം സ്ഥാപിക്കുവാൻ പ്രചോദനം നല്കിയ ഒരു സാമൂഹ്യ പരിഷ്കർത്താവ്, അവഹേളിക്കാൻ സമീപിക്കുന്നവരെയും ബഹുമാനപരതന്ത്രരാക്കാൻ കഴിഞ്ഞിരുന്ന ബുദ്ധിസമ്പന്നൻ....' അങ്ങനെ എത്രയെത്ര വിശേഷണങ്ങൾക്ക് അനുയോജ്യനാണ് ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ.

സർവ്വജ്ഞൻ, സർവ്വകലാവല്ലഭൻ, സിദ്ധയോഗി, പരമാചാര്യൻ, സമുദായപരിഷ്കർത്താവ്, ഗ്രന്ഥകാരൻ, യോഗവേദാന്തപ്രവർത്തകൻ എന്നീ നിലകളിൽ 'ശ്രീശങ്കരാചാര്യസ്വാമികൾക്കുശേഷം കേരളം കണ്ട ഏറ്റവും ഉന്നതനായ യതിവര്യൻ എന്നാണ് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്.

കൊല്ലവർഷം 1029 ചിങ്ങമാസത്തിലെ ഭരണി നക്ഷത്രത്തിൽ തിരുവനന്തപുരത്ത് കൊല്ലൂർ എന്ന സ്ഥലത്ത് ഉള്ളൂർകോട് തറവാട്ടിലാണ് ചട്ടമ്പിസ്വാമിതിരുവടികൾ ഭൂജാതനായത്. അദ്ദേഹത്തിന്റെ ജന്മസ്ഥലം ഇന്ന് കണ്ണമ്മൂല എന്ന പേരിൽ അറിയപ്പെടുന്നു. ദാരിദ്ര്യപീഡിതമായ ഒരു കുടുംബത്തിൽ ജനിച്ച സ്വാമികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലായിരുന്നു. എന്നാൽ പൂർവ്വസുകൃതം കൊണ്ടും നിരന്തരമായ പരിശ്രമം കൊണ്ടും ഈശ്വരാനുഗ്രഹം കൊണ്ടും, ഇരുപത്തിയഞ്ച് വയസ്സായപ്പോഴേക്കും തമിഴ്, മലയാളം, സംസ്കൃതം തുടങ്ങിയ ഭാഷകളിലും, മിക്കവാറും എല്ലാ കലകളിലും, യോഗവേദാന്തദർശനങ്ങളിലും അപാരമായ പാണ്ഡിത്യവും പരിചയസമ്പത്തും അദ്ദേഹം കൈവരിച്ചു. വിവിധ യോഗകലകൾ, ജ്ഞാനാഭ്യാസം തുടങ്ങിയ ആദ്ധ്യാത്മികസാധനകൾ വഴി ബ്രഹ്മസാക്ഷാത്കാരം നേടിയ അതിവർണ്ണാശ്രമിയായിരുന്നു സ്വാമികൾ. എല്ലാ വസ്തുക്കളിലും ഒരേ ബ്രഹ്മചൈതന്യമാണ് കളിയാടുന്നതെന്നറിഞ്ഞ് ആത്മാരാമനായി കഴിയുന്ന മഹാത്മാവാണ് അതിവർണ്ണാശ്രമി. അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ പേര് അയ്യപ്പൻ എന്നായിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാന്റെ കളരിയിൽ പഠിച്ചിരുന്ന കാലത്ത് 'മോനിട്ടർ' എന്ന അർത്ഥത്തിൽ 'ചട്ടമ്പി' എന്ന സ്ഥാനം അദ്ദേഹത്തിന് ലഭിച്ചു. കൂടാതെ ബാല്യം മുതൽ കുഞ്ഞൻ എന്ന ഓമനപ്പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പില്ക്കാലത്ത് സർവ്വശാസ്ത്ര പാരംഗതനായ ആചാര്യൻ എന്ന അർത്ഥത്തിൽ പരമഭട്ടാര ശ്രീവിദ്യാധിരാജ തീർത്ഥപാദസ്വാമികൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ചട്ടമ്പിസ്വാമി തന്റെ ഗൃഹസ്ഥശിഷ്യൻമാരിൽ പ്രധാനിയായിരുന്ന കുമ്പളത്ത് ശങ്കുപ്പിള്ളയുടെ ക്ഷണം സ്വീകരിച്ച് ഒടുവിൽ പന്മനയിൽ വന്നു താമസിച്ചു. അക്കാലത്ത് അദ്ദേഹം ആദിമഭാഷ, ജീവകാരുണ്യനിരൂപണം തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു. സ്വാമികൾ വിശ്രമിച്ചിരുന്ന പർണ്ണശാലയ്ക്കു സമീപം, പരസ്പരം ശത്രുക്കളായ സർപ്പങ്ങളും തവളകളും ഒത്തുചേർന്ന് ആ അതിവർണ്ണാശ്രമിയുടെ സാന്നിദ്ധ്യസുഖമനുഭവിക്കുന്നതു കണ്ട് പലരും അത്ഭുതപ്പെട്ടിട്ടുണ്ട്. എല്ലാ ജീവജാലങ്ങളുടേയും ഭാഷ അദ്ദേഹത്തിന് വശമായിരുന്നു. എറുമ്പ്, നായ്ക്കൾ തുടങ്ങിയവയുമായി മൂകഭാഷയിൽ അദ്ദേഹം ആശയവിനിമയം നടത്തുക പതിവായിരുന്നു.

സ്വാമികൾ ഒരു ഗവേഷകനും ഗ്രന്ഥകർത്താവും ആയിരുന്നു. വേദാധികാരനിരൂപണം, അദ്വൈതചിന്താപദ്ധതി, മോക്ഷപ്രദീപഖണ്ഡനം, ജീവകാരുണ്യനിരൂപണം, ക്രിസ്തുമതഛേദനം തുടങ്ങി ഒട്ടനവധി ഗ്രന്ഥങ്ങൾ തമിഴിലും മലയാളത്തിലുമായി അദ്ദേഹം രചിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികൾക്ക് വശപ്പെട്ടിട്ടില്ലാത്ത കലകളോ വിദ്യകളോ ഇല്ല. ശാസ്ത്രീയസംഗീതത്തിൽ അഗാധമായ അറിവും ആവിഷ്ക്കാരമികവും നേടിയിരുന്നു. സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിലും അദ്ദേഹം അദ്വിതീയൻതന്നെ. സാഹിത്യത്തിലും ചിത്രരചനയിലും അസാധാരണമായ വൈഭവം സ്വാമികൾക്കുണ്ടായിരുന്നു. ജ്യോതിഷം, മർമ്മശാസ്ത്രം, വിഷവൈദ്യം, ആയുർവ്വേദം എന്നീ വിവിധ ശാഖകളിലും അവിടുന്ന് അദ്വിതീയനായിരുന്നു.

ഹിന്ദുമതത്തിന് പുതുചൈതന്യം നല്കി ഇന്ത്യയൊട്ടാകെ സഞ്ചരിച്ച സ്വാമിവിവേകാനന്ദൻ അമേരിക്കയിലെ സർവ്വമത സമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്നതിനു മുമ്പായി കേരളത്തിലും എത്തി. കേരളം ഭ്രാന്താലയമാണ് എന്നു തോന്നിയ സ്വാമിവിവേകാനന്ദന് ആശ്വാസം നല്കിയ രണ്ട് സംഭവങ്ങളുണ്ടായി. ഒന്ന്, കൊടുങ്ങല്ലൂരിൽ സ്ത്രീകൾ സംസ്കൃതം സംസാരിച്ചതും രണ്ട്, ചട്ടമ്പിസ്വാമിയെ കണ്ടതുമാണ്. ആ കൂടിക്കാഴ്ച രണ്ടുപേരുടേയും ജീവിതത്തിലെ അവിസ്മരണീയമായ സംഭവമായിരുന്നു. പല സന്ന്യാസിമാരോടും ചോദിച്ച ഒരു സംശയം വിവേകാനന്ദൻ, സ്വാമിയോടും ആവർത്തിച്ചു. അത് ചിന്മുദ്രയെപ്പറ്റിയായിരുന്നു. സ്വാമി മുദ്ര കാണിച്ചുകൊടുക്കുകയും, മുദ്രയുടെ അർത്ഥം വിസ്തരിച്ച് പറഞ്ഞുകൊടുക്കുകയും ചെയ്തു.

ചട്ടമ്പിസ്വാമി തിരുവടികൾ പന്മനയിൽവെച്ച് 1099 മേടം 23-ന് സമാധിയായി. അദ്ദേഹത്തിന്റെ ഭൗതികശരീരം സ്വന്തം ആഗ്രഹപ്രകാരം പന്മനക്കാവിൽ യഥാവിധി സംസ്ക്കരിക്കപ്പെട്ടു. കൊല്ലവർഷം 1106 (1931) മീനമാസം 3-ന് സമാധിത്തറയ്ക്കുമുകളിൽ ഒരു ശിവലിംഗപ്രതിഷ്ഠ നടത്തി. അന്ന് എൻ.എസ്.എസ്സിന്റെ നേതൃത്വത്തിൽ ചവറയിൽവെച്ച് മൂന്നാമത്തെ നായർമഹാസമ്മേളനം നടക്കുകയായിരുന്നു. മന്നത്തു പത്മനാഭൻ നേതൃത്വം കൊടുത്ത് നടത്തിയ ആ മഹാസമ്മേളനത്തിനെത്തിയ ജനാവലി മുഴുവനും പ്രതിഷ്ഠാകർമ്മത്തിന് സാക്ഷ്യം വഹിച്ചു. പ്രതിഷ്ഠയോടനുബന്ധിച്ച് ഒരു ക്ഷേത്രവും പണികഴിപ്പിച്ചു. അതാണ് ഇന്നു പന്മനയിൽ കാണുന്ന സമാധിക്ഷേത്രം അഥവാ ശ്രീബാലഭട്ടാരകേശ്വരക്ഷേത്രം.

നായർസമുദായം ആത്മീയാചാര്യനായി ഇന്നും അദ്ദേഹത്തെ ആരാധിക്കുന്നു. അതിന്റെ തെളിവാണ് തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ എൻ.എസ്.എസ്. താലൂക്ക് യൂണിയന്റെ നേതൃത്വത്തിൽ നിർമ്മിച്ച ജന്മസ്ഥാനമണ്ഡപവും ഗവേഷണപഠനകേന്ദ്രവും. പ്രസ്തുത മണ്ഡപവും പഠനകേന്ദ്രവും 4.7.2022 തിങ്കളാഴ്ച അദ്ദേഹത്തിന്റെ ആരാധകർക്കായി സമർപ്പിക്കപ്പെട്ടു.